**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3739** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് ലാബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ റവന്യൂ ജില്ലകളിലും ജില്ലാതല ഫോറൻസിക് ലാബുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇതുവരെ ആരംഭിച്ചവയുടെ വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തെ എല്ലാ റവന്യൂ ജില്ലകളിലും ജില്ലാതല ഫോറൻസിക് സയൻസ് ലാബുകൾ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം (നേമം),<br><br>കൊല്ലം (ചാത്തന്നൂർ) ,<br><br>പത്തനംതിട്ട (അടൂർ),<br><br>ആലപ്പുഴ(ആലപ്പുഴ),<br><br>കോട്ടയം (ഏറ്റുമാനൂർ),<br><br>ഇടുക്കി (കാളിയാർ),<br><br>എറണാകുളം(അങ്കമാലി),<br><br>തൃശ്ശൂർ (ഇരിങ്ങാലക്കുട),<br><br>പാലക്കാട് (കസബ),<br><br>മലപ്പുറം (തിരൂർ),<br><br>കോഴിക്കോട് (കോഴിക്കോട് സിറ്റി),<br><br>വയനാട് (അമ്പലവയൽ),<br><br>കണ്ണൂർ ( കണ്ണൂർ സിറ്റി),<br><br>കാസർഗോഡ് (കുമ്പള) |
| (ബി) | ഫോറൻസിക് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ? | (ബി) | ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ റവന്യൂ ജില്ലകളിലും ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ കുറവ് നികത്തുന്നതിനായി 20.07.2018 – ലെ സ.ഉ.(കൈ) നം.120/2018/ആഭ്യന്തരം പ്രകാരം 59 പുതിയ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി മുഖേന നിയമം നൽകിയിട്ടുണ്ട്.<br><br>ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി വിവിധ അത്യാധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിനായി വാങ്ങിയിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് ഒരു പുതിയ കെട്ടിടം കൂടി നിർമ്മിക്കുവാൻ പ്രാരംഭ നടപടികൾക്കായി 50 ലക്ഷം രൂപ വകയിരുത്തുകയും സ.ഉ.(സാധാ.)നം.1796/2022/ആഭ്യന്തരം തീയതി 29.06.2022 പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ളതുമാണ്.കൂടാതെ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് കംപാരിസൺ മൈക്രോസ്കോപ്പ്, എനർജി ഡിസ്പേഴ്സീവ് എക്സറേ ഫ്ലൂറസൻസ് സ്പെക്ട്രോമീറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനു 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 465 ലക്ഷം രൂപ അനുവദിക്കുകയും 02.06.2022 തീയതിയിലെ<br><br>സ.ഉ.(സാധാ)നം.1545/2022/ആഭ്യന്തരം പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ